LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1. കൊല്ലം ജില്ലയിൽ കോട്ടത്തറയിൽ മൃഗസംരക്ഷണ വകുപ്പിന്റെയും കൊല്ലം ജില്ലാപഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ പ്രതിവാരം 10000 കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്ന ഒരു ഹാച്ചറി തുടങ്ങിയിട്ടുണ്ട്.

2. ആർ.കെ.വി.വൈ.-യിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിലെ എടവണ്ണയിൽ 6 കോടി രൂപ ചെലവിൽ ഒരു മുട്ടക്കോഴിഫാമും ഹാച്ചറിയും തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കൊല്ലം ജില്ലയിൽ കോട്ടത്തറയിൽ 4 പേർക്ക് പുതുതായി തൊഴിൽ നൽകിയിട്ടുണ്ട്. എടവണ്ണ ഫാമിൽ ഫാമിന്റെ പണി പൂർത്തീകരിച്ചുകഴിഞ്ഞാൽ മാത്രമേ ജീവനക്കാരെ നിയമിക്കുകയുള്ളൂ.

(സി) കൊല്ലം ജില്ലയിൽ കോട്ടത്തറയിലെ ഫാമിനായി ബഡ്ജറ്റിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. എടവണ്ണ ഫാമിലേയ്ക്ക് ആർ.കെ.വി.വൈ.-യിൽ 6.0296 കോടി രൂപയുടെ അനുമതിയും ഇതുവരെയായി ഒരു കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**കൊട്ടിയം താറാവ് വളർത്തൽ കേന്ദ്രത്തിന്റെയും കോഴിത്തീറ്റ ഉല്പാദന കേന്ദ്രത്തിന്റെയും പ്രവർത്തനം**

174 (3010) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കൊട്ടിയത്ത് പ്രവർത്തിക്കുന്ന താറാവ് വളർത്തൽ കേന്ദ്രത്തിലേയും, കോഴിത്തീറ്റ ഉല്പാദന കേന്ദ്രത്തിലേയും നിലവിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) രണ്ട് സ്ഥാപനങ്ങളിലെയും ഉല്പാദന ക്ഷമത എത്രയാണെന്നും, നിലവിലെ ഉല്പാദനം എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത രണ്ട് സ്ഥാപനങ്ങളും ലാഭകരമായിട്ടാണോ പ്രവർത്തിക്കുന്നത്, അല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

**ഉത്തരം**

(എ) മികച്ച പ്രതിരോധശേഷിയുള്ള വിഗോവ ഇനത്തിൽപ്പെട്ട താറാവുകളെയാണ് കേരള സ്റ്റേറ്റ് പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കൊട്ടിയം താറാവ് വളർത്തൽ കേന്ദ്രത്തിൽ വളർത്തുന്നത്. പരമ്പരാഗതവും ആധുനികവുമായ താറാവ് വളർത്തൽ രീതിയാണ് ഈ ഫാമിൽ അനുവർത്തിച്ചു വരുന്നത്. ഈ ഫാമിൽ വിരിയിച്ചെടുക്കുന്ന താറാവിൻ കുഞ്ഞുങ്ങളെ ആവശ്യക്കാരായ കർഷകർക്ക് വിതരണം ചെയ്തുവരുന്നു.

സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് വിതരണം ചെയ്യുന്നതിന് ആവശ്യമായ കോഴിത്തീറ്റ ഉൽപ്പാദിപ്പിക്കുന്നത് കൊട്ടിയത്തെ കേരഴിത്തീറ്റ ഉല്പാദന കേന്ദ്രത്തിലാണ്. അതിനുപുറമേ കെപ്കോ ഇന്റഗ്രേഷൻ ഫാമുകളിലും ഇവിടെ ഉൽപ്പാദിപ്പിക്കുന്ന കോഴിത്തീറ്റ വിതരണം ചെയ്യുന്നുണ്ട്.

(ബി) കൊട്ടിയം താറാവ് വളർത്തൽ കേന്ദ്രത്തിൽ ഒരേസമയം 15000 താറാവിൻ കുഞ്ഞുങ്ങളെ വിരിയിച്ചെടുക്കാനുള്ള ശേഷിയുണ്ട്. ഇപ്പോൾ ശരാശരി 500 കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നു. ഒരേസമയം 1250 താറാവുകളെ വളർത്താനുള്ള ശേഷി ഫാമിനുണ്ട്. ഇപ്പോൾ 1100 താറാവുകളെ ഇവിടെ വളർത്തുന്നുണ്ട്. കൊട്ടിയം ഫീഡ് മിക്സിംഗ് പ്ലാന്റിന്റെ പ്രതിദിന ഉൽപ്പാദനശേഷി 8-10 മെട്രിക് ടൺ ആകുന്നു. ഇപ്പോൾ ഉത്പാദനം ഉള്ള ദിവസങ്ങളിൽ ശരാശരി 7 മെട്രിക് ടൺ കോഴിത്തീറ്റ ഉത്പാദിപ്പിക്കുന്നുണ്ട്.

(സി) കൊട്ടിയം താറാവ് വളർത്തൽ കേന്ദ്രവും കോഴിത്തീറ്റ ഉത്പാദന കേന്ദ്രവും ലാഭനഷ്ടാടിസ്ഥാനത്തിലല്ല പ്രധാനമായും പ്രവർത്തിക്കുന്നത്. കോഴിത്തീറ്റ ഉത്പാദനം നടക്കുന്നത് വാണിജ്യാടിസ്ഥാനത്തിലല്ല. ഈ കോർപ്പറേഷൻ നടപ്പാക്കുന്ന നിരവധി പദ്ധതികളുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുവേണ്ടിയാണ് ഈ തീറ്റ മുഖ്യമായും ഉപയോഗിക്കുന്നത്. താറാവ് വളർത്തൽ ഒരു പ്രധാന ഉപതൊഴിലായി സ്വീകരിച്ചിട്ടുള്ള കൊല്ലം, ആലപ്പുഴ ജില്ലകളിലെ കർഷകർക്ക് പ്രോത്സാഹനം നൽകുക എന്നതാണ് താറാവ് വളർത്തൽ കേന്ദ്രത്തിന്റെ പ്രധാന ലക്ഷ്യം. ഈ സാഹചര്യത്തിൽ ഈ രണ്ട് യൂണിറ്റുകളുടെയും മാത്രം പ്രവർത്തനം ലാഭനഷ്ടാടിസ്ഥാനത്തിൽ കണക്കാക്കാൻ കഴിയുകയില്ല. ഈ കോർപ്പറേഷന്റെ വിവിധ ജനക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടുമാത്രമേ ഇവയെ കണക്കാക്കാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly